# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2364** **19/07/2016-ൽ മറുപടിയ്ക്ക്**

**ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ ഘടന**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ : | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം ഏതു തരത്തിലായിരിക്കുമെന്ന് വിശദമാക്കുമോ; | (എ) | കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, സെക്ഷൻ 53 പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയും, ഭരണകാര്യത്തിലും ആസൂത്രണത്തിലും . ഗണ്യമായ പ്രവൃത്തി പരിചയമുള്ള സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരംഗവും, ജില്ലാ പഞ്ചായത്തിലെയും ജില്ലയിലെ മുനിസിപ്പാലിറ്റികളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യകൾ തമ്മിലുള്ള അനുപാതത്തിനനുസൃതമായി നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന 12 അംഗങ്ങൾ കൂടിച്ചേർന്നതായിരിക്കും.<br><u>പ്രവർത്തനം</u><br>ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ സംയോജിപ്പിക്കേണ്ടതും ജില്ലക്ക് മുഴുവനുമായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. കമ്മറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള വികസന പദ്ധതി അംഗീകാരത്തിനായി ചെയർമാൻ സർക്കാരിന് നൽകേണ്ടതാണ്. ജില്ലാ ആസൂത്രണം സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം വഴി അതതു സമയം സർക്കാർ അതിനു നൽകിയേക്കാവുന്ന മറ്റു ചുമതലകൾ കൂടി നിറവേറ്റേണ്ടതുണ്ട്. കൂടാതെ, അംഗീകൃത ജില്ലാ ആസൂത്രണ പദ്ധതികളുടെയും ജില്ലയെ സംബന്ധിക്കുന്ന സംസ്ഥാന പദ്ധതികളുടെയും നടത്തിപ്പിന്റെ അളവിലും ഗുണനിലവാരത്തിലുമുള്ള പുരോഗതിയെയും പ്രത്യേകിച്ച്, അതിന്റെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം നിറവേറ്റിയതിനെയും സംബന്ധിച്ച് ജില്ലാ ആസൂത്രണ കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതും പൂർത്തീകരിച്ച കർമ്മപരിപാടികൾ വിലയിരുത്തേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങളായി വരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥന്മാർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരാണ്. ജില്ലാ പ്ലാനിംഗ് ഓഫീസർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറി (കോ-ഓർഡിനേഷൻ) ആയി പ്രവർത്തിച്ചു വരുന്നു. |
| (സി) | ഓരോ ജില്ലയിലെയും പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സമിതിക്കുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ; | | പഞ്ചവത്സര/വാർഷിക പദ്ധതികൾ തയായറാക്കുന്നതിനുമുമ്പായി ജില്ലയുടെ ഒരു വികസന കാഴ്ചപ്പാട് രൂപരേഖ തയ്യാറാക്കുക. ജില്ലയിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക, മേൽനോട്ടവും നിരീക്ഷണവും നടത്തുക, പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുക. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും പ്രോജക്ടുകളും മാർഗ്ഗനിർദ്ദേശങ്ങൾക്കനു സൃതമാണ് എന്നുറപ്പു വരുത്തി അംഗീകാരം നൽകുക., നിർവ്വഹണം മോണിറ്റർ ചെയ്യുക. പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ ഇടപെട്ട് പരിഹരിക്കുക തുടങ്ങിയവയാണ്. |
| (ഡി) | ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സാങ്കേതിക സെക്രട്ടേറിയറ്റുകൾ എന്നുമുതൽ പ്രവർത്തിച്ചു തുടങ്ങുമെന്നും വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് ആലപ്പുഴ. എറണാകുളം . തൃശൂർ. വയനാട് കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതിയുടെ സാങ്കേതിക സെക്രട്ടേറിയറ്റുകൾ ഇതിനകം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം ഒഴികെയുള്ള മറ്റു ജില്ലകളിൽ സെക്രട്ടേറിയറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം നിർണ്ണയിക്കുന്ന തുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിൽ നയപരമായ തീരുമാനം ആവശ്യമായതിനാൽ ഇതുവരെയായി സെക്രട്ടേറിയറ്റിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**